അതിർത്തി പുനർനിർണ്ണയം

276 (1361) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൊങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർ നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറുടെ അഭിപ്രായം ഉൾപ്പെടുത്തി ജില്ലാ രജിസ്ട്രാർ ജനറൽ റിപ്പോർട്ട് നൽകിയിട്ടും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പുൽപറ്റ പഞ്ചായത്തിലെ പെരുമ്പുള്ളി ഗ്രാമം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി തൊങ്ങം സബ്‌രജിസ്ട്രാർ ഓഫീസിന്റെ അതിർത്തി പുനർ നിർണ്ണയിച്ച് ഉത്തരവിറക്കുമോ?

ഉത്തരം

(എ) സി) ഈ വിഷയത്തിലേയ്ക്ക് ജില്ലാ കളക്ടറുടെ അഭിപ്രായം ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ), രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സമർപ്പിച്ചിട്ടുണ്ട്. പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 59-ൽപ്പെട്ട പെരുമ്പുള്ളി എന്ന സ്ഥലം മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽനിന്ന് 14 കിലോമീറ്റർ അകലത്തിലും തൊങ്ങം സബ് രജിസ്ട്രാർ ഓഫീസിൽനിന്ന് 2 കിലോമീറ്റർ അകലത്തിലുമാണ് സ്ഥിതിചെയ്യുന്നത് എന്ന് ബോദ്ധ്യപ്പെട്ടതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വിജ്ഞാപനം തയ്യാറാക്കുന്നതു സംബന്ധിച്ച നടപടികൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ പുരോഗമിച്ചു വരുന്നു. കരട് വിജ്ഞാപനം ഉൾപ്പെടെയുള്ള പ്രൊപ്പോസൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

ഭൂമിയുടെ അണ്ടർ വാല്യുവേഷൻ

277 (1362) ശ്രീ. പ്രൊഫ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരിനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അണ്ടർ വാല്യുവേഷൻ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്ന രീതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly